ചെയ്യുന്നത്. കൂടാതെ സ്കൂൾ, കോളേജ്, എക്സിബിഷൻ തുടങ്ങിയ ഇടങ്ങളിലൂടെയും ഇവ വിതരണം ചെയ്യുന്നതോടൊപ്പം പൊതുജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുന്നു. കാർഷിക വ്യാവസായിക ഉപഭോക്താക്കൾക്കായി വിവിധ ക്ലാസ്സുകളും പരിശീലന പരിപാടികളും ഊർജ്ജ സംരക്ഷണത്തിനായി ചെയ്തു വരുന്നു. എൽ.ടി. ലൈനുകളിലൂടെയുള്ള ഊർജ്ജ നഷ്ടം പരിഹരിക്കുന്നതിന് പേയാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലെ മഞ്ചാടി ട്രാൻസ്ഫോർമറിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സമ്പ്രദായ പദ്ധതിയുടെ ജോലി പുരോഗമിച്ചു വരുന്നു. വൈദ്യുതി ബോർഡിന് എനർജി ഓഡിറ്റിംഗിന് എനർജി മാനേജ്മെന്റിന്റെ (EMC) അംഗീകാരം ഉണ്ട്. ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് നൽകിവരുന്നു. സംസ്ഥാനത്ത് ഉപഭോക്താക്കളിൽ വ്യാപകമായ തോതിൽ ഊർജ്ജ സംരക്ഷണം നടത്തുന്നതിനായി ഡിമാന്റ് സൈഡ് മാനേജ്മെന്റ് (DSM) സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാർഷിക മേഖലയിലും കുടിവെള്ള വിതരണത്തിനും ഉപയോഗിക്കുന്ന കാലപ്പഴക്കമുള്ള പമ്പ് സെറ്റുകൾക്കു പകരം പുതിയ ഊർജ്ജക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കെ.എസ്.ഇ.ബി.-ക്ക് ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതോൽപ്പാദനം

7 (353) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറഞ്ഞത് കെ.എസ്.ഇ.ബി.-ക്ക് താപ വൈദ്യുത ഉൽപാദനത്തിന് അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് വേനൽക്കാലത്ത് ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതോൽപ്പാദനം നടത്തുന്നതിന് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ ;

(സി) ജലവൈദ്യുത നിലയങ്ങളിൽനിന്ന് മുൻവർഷത്തെ അപേക്ഷിച്ച് എത്ര യൂണിറ്റ് അധിക വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ അനുകൂല സാഹചര്യങ്ങൾ ഉപഭോക്താവിന് ഏത് വിധത്തിൽ പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കാനാണ് വൈദ്യുതി ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടില്ല.

(ബി) വൈദ്യുതി ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ ബി.ഡി. പി.പി. (BDPP)-യിലും, കെ.ഡി.പി.പി. (KDPP) യിലും കേരളത്തിലെ എൻ.ടി.പി.സി. (NTPC)-യുടെ കായംകുളം നിലയത്തിലും, കൊച്ചിയിലെ BSES നിലയത്തിലും LSHS, നാഫ്ത തുടങ്ങിയ ദ്രവ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുക വഴി, ദ്രവ ഇന്ധനങ്ങളുടെ വിലയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ടി നിലയങ്ങളിലെ വൈദ്യുതിയുടെ ഇന്ധനവില മാത്രം യൂണിറ്റിന് 'ഏഴ്' രൂപയിൽ അധികമാണ്. ടി നിരക്ക് വൈദ്യുതി വ്യാപാരികളിൽ നിന്നും ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിരിക്കുന്നതിനേക്കാൾ അധികമാണ്. ടി കാരണത്താൽ അത്യാവശ്യ ഘട്ടങ്ങളിൽ വൈദ്യുതി നിയന്ത്രണങ്ങൾ ഒഴിവാക്കാൻ മാത്രമേ ഈ നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നുള്ളൂ. കൂടാതെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി വാങ്ങൽ ചെലവ് യൂണിറ്റൊന്നിന് '5' രൂപയ്ക്കുള്ളിൽ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആകയാൽ ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതോല്പാദനം നടത്തുന്നതിന് സഹായകവുമല്ല.

(സി) 1-3-2015-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിൽ 2592 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണുള്ളത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ, 2222 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണുണ്ടായിരുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 370 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം അധികമായി ഉണ്ട്.

(ഡി) വൈദ്യുതി ഉപയോഗം കൂടുതലുള്ള മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ പവർകട്ടും ലോഡ് ഷെഡ്ഡിംഗും കഴിയുന്നതും നടപ്പാക്കാതെ വൈദ്യുതി വിതരണം നടത്താനാണ് ശ്രമിക്കുന്നത്.

പണി പൂർത്തിയാക്കാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ

8 (354) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?